# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

**നം.പി.ആർ.277(a)/2023** **തിരുവനന്തപുരം, തീയതി: 30/12/2023**

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഐ.എസ്.ഡി.സി. യുമായി ചേർന്ന് പ്രവർത്തിക്കും

കേരളസർവകലാശാല ഐ.എസ്.ഡി.സി.യുമായി ചേർന്ന് ധാരണാപത്രത്തിൽ (MoU) ഒപ്പുവച്ചു. യു.ജി/പി.ജി വിദ്യാർത്ഥികൾക്കായി ആഡ്-ഓൺ കോഴ്സുകൾ നടപ്പിലാക്കുവാനും അക്കൌണ്ടിംഗ് പ്രൊഫഷണലുകളുടെ സാധ്യതകൾ കണ്ടെത്തുവാനും കൂടുതൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഐ.എസ്.ഡി.സി യുടെ ഈ സഹകരണത്തിലൂടെ സാധ്യമാകും. ബി.കോമിനോടൊപ്പം എ.സി.സി.എ. പ്രോഗ്രാം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് നിശ്ചിത കോഴ്സുകളിൽ ഇളവ് ലഭ്യമാകും. കേരളസർവകലാശാലയ്ക്ക് വേണ്ടി രജിസ്ട്രാർ പ്രൊഫ. (ഡോ.) കെ.എസ്. അനിൽ കുമാറും ഐ.എസ്.ഡി.സി. യെ പ്രതിനിധീകരിച്ച് റീജണൽ ഹെഡ് ശ്രീ.ശരത് വേണുഗോപാലും ധാരണാപത്രത്തിൽ ഒപ്പുവച്ചു. ചടങ്ങിൽ കേരളസർവകലാശാല കൊമേഴ്സ് വിഭാഗം വകുപ്പ് മേധാവിയും ഐ.ക്യു.എ.സി. ഡയറക്ടറുമായ പ്രൊഫ.(ഡോ.) ഗബ്രിയേൽ സൈമൺ തട്ടിൽ, ഐ.എസ്.ഡി.സി. റീജണൽ മാനേജർ ശ്രീ. അർജ്ജുൻ രാജ് എന്നിവർ പങ്കെടുത്തു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in